# ഉപരിവീക്ഷണം

## ഉപരിവീക്ഷണം

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ ഈ റിപ്പോർട്ടിൽ തിരിമറി/തട്ടിപ്പ് നടന്ന സന്ദർഭങ്ങൾ, ആഭ്യന്തര നിയന്ത്രണത്തിലെ വീഴ്ചകൾ, ഭാരത സർക്കാറിന്റെ ധനസഹായം നഷ്ടമായത്, ആസ്തികളുടെ വിനിയോഗത്തിലെ കുറവ്, ചട്ടങ്ങളും പ്രോഗ്രാമുകളും നടപ്പിലാക്കുന്നതിലെ പോരായ്മകൾ എന്നിവ ഉൾപ്പെടുന്ന ₹203.97 കോടിയുടെ 10 അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. പ്രധാന ഓഡിറ്റ് കണ്ടെത്തലുകൾ ചുവടെ പ്രതിപാദിച്ചിരിക്കുന്നു.

## അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ

ഇടപാടുകളുടെ ഓഡിറ്റിനു പുറമെ, റിസ്ക് ഫാക്ടറുകളും വിഷയത്തിന്റെ കാലിക പ്രാധാന്യവും അടിസ്ഥാനമാക്കി, ചില പ്രധാന അനുവർത്തന വിഷയങ്ങളെ ചട്ടപ്പടിയുള്ള ഓഡിറ്റിനായി കണ്ടെത്തി. ഇത്തരം ഓഡിറ്റിൽ നിരീക്ഷിച്ച പ്രധാനപ്പെട്ട ന്യൂനതകൾ താഴെപ്പറയുന്ന ഖണ്ഡികകളിൽ വിശദമാക്കുന്നു.

### *പ്രധാൻമന്ത്രി ആവാസ് യോജന - ഗ്രാമീൺ - നടപ്പാക്കൽ*

2022-ഓടെ ''എല്ലാവർക്കും പാർപ്പിടം'' എന്ന സർക്കാരിന്റെ പ്രതിബദ്ധത കണക്കിലെടുത്തും നേരത്തെയുള്ള ഇന്ദിരാ ആവാസ് യോജന (ഐഎവൈ) യുടെ നടത്തിപ്പിലെ ന്യൂനതകൾ പരിഹരിക്കുന്നതിനുമായി ഭാരത സർക്കാർ (ജിഐഐ) പ്രധാൻമന്ത്രി ആവാസ് യോജന - ഗ്രാമീൺ (പിഎംഎവൈ-ജി) സമാരംഭിച്ചു (2016 ഏപ്രിൽ). പ്രാദേശികമായി ലഭ്യമായ സാമഗ്രികൾ ഉപയോഗിച്ച് അനുയോജ്യമായ ഡിസൈനോടുകൂടി പരിശീലനം ലഭിച്ച മേസ്തിരിമാരുടെ സഹായത്തോടെ ഗുണനിലവാരമുള്ള വീടുകൾ നിർമ്മിക്കാൻ ഗുണഭോക്താക്കളെ സഹായിക്കുക എന്നതായിരുന്നു പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം. കേരളത്തിൽ ഈ കാലയളവിൽ ഗ്രാമപ്രദേശങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട 42,431 ഗുണഭോക്താക്കൾക്ക് വീടുകൾ നിർമ്മിച്ചു നൽകുക എന്നതായിരുന്നു പദ്ധതി ഉദ്ദേശിച്ചിരുന്നത്. അനുമതി നൽകിയ തീയതി മുതൽ 12 മാസങ്ങൾക്കകം വീടുകൾ പൂർത്തീകരിക്കണം എന്നാണ് ലക്ഷ്യമിട്ടിരുന്നത്.

നേരത്തെയുള്ള ഇന്ദിരാ ആവാസ് യോജന (ഐഎവൈ)യുടെ നടപ്പാക്കലിൽ കണ്ടിരുന്ന ന്യൂനതകൾ പരിഹരിക്കുവാനാണ് പിഎംഎവൈ-ജി പദ്ധതി ആരംഭിച്ചത്. ഈ ന്യൂനതകൾ, അതായത് ഭവന ക്ഷാമം വിലയിരുത്താത്തത്, സംയോജനത്തിന്റെ അഭാവം, സാങ്കേതികവും ഗുണനിലവാരവുമുള്ള മേൽനോട്ടത്തിന്റെ അഭാവം മുതലായവ പിഎംഎവൈ-ജി പദ്ധതിയുടെ നടപ്പാക്കലിലും നിലനിന്നിരുന്നു എന്ന് അനുവർത്തന ഓഡിറ്റിൽ വെളിപ്പെട്ടു. സ്ഥിര മുൻഗണനാ ലിസ്റ്റിലേയ്ക്ക് അർഹമായ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കൽ, വീടുനിർമ്മാണത്തിൽ വയോജനങ്ങളെയും ദുർബ്ബലരേയും സഹായിക്കുക, ഭൂമി ഇല്ലാത്തവർക്ക് ഭൂമി കണ്ടെത്തുക, അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയ്ക്കായി പദ്ധതികളെ സംയോജിപ്പിക്കുക എന്നിവ ഉറപ്പാക്കുന്നതിൽ ഗ്രാമ പഞ്ചായത്തുകൾ (ജിപി) പരാജയപ്പെട്ടു. കുടുംബത്തിലെ പുരുഷ അംഗത്തിന്റെ പേരിൽ ക്രമരഹിതമായി വീട് അനുവദിക്കുക, ഗുണഭോക്താക്കൾക്ക് വായ്പ തരപ്പെടുത്തുന്നതിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ പരാജയം എന്നിവയും ശ്രദ്ധയിൽപ്പെട്ടു. ജിപികളിൽ നിന്ന് കെട്ടിടനിർമ്മാണ പെർമിറ്റ് ലഭിക്കാതെയും കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ നിന്നും സമ്മതപത്രം വാങ്ങാതെയും വീടുകൾ നിർമ്മിച്ച ഉദാഹരണങ്ങളും കണ്ടിരുന്നു. ജിഐഐ നിർദ്ദേശിച്ച ഭൗതികവും, സാമ്പത്തികവും ആയ പുരോഗതി കൈവരിക്കുന്നതിൽ ഉണ്ടായ പരാജയം മൂലം 2016-18 കാലയളവിൽ ₹195.82 കോടിയുടെ ജിഐഐ ധനസഹായം സംസ്ഥാനത്തിനു നഷ്ടപ്പെട്ടു. പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റുകളുടെ വിവിധ തലങ്ങളിൽ മേൽ നിരീക്ഷണവും കുറവായിരുന്നു.

***(ഖണ്ഡിക 2.1)***

### മേൽനോട്ടം/ഭരണനിയന്ത്രണത്തിന്റെ പരാജയം

ആരോഗ്യം, വിദ്യാഭ്യാസം, വികസനം, അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം, പൊതുസേവനങ്ങൾ എന്നീ മേഖലകളിൽ ചില ലക്ഷ്യങ്ങൾ കൈവരിക്കാൻ യത്നിക്കുന്നതിനാൽ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുക എന്നത് സർക്കാരിന്റെ കടമയാണ്. എങ്കിലും സമൂഹത്തിനുവേണ്ടി പൊതു ആസ്തികൾ നിർമ്മിക്കുന്നതിനായി കേരള സർക്കാർ മുടക്കിയ ധനം വിവിധ തലങ്ങളിലെ തീരുമാനങ്ങൾ എടുക്കുന്നതിലെ അനിശ്ചിതത്വവും മേൽനോട്ടമില്ലായ്മയും ഒത്തൊരുമിച്ചുള്ള പ്രവർത്തനത്തിന്റെ അഭാവവും കാരണം ഉപയോഗിക്കാ-തിരിക്കുകയോ/തടയപ്പെട്ടുകിടക്കുകയോ/പ്രയോജനക്ഷമമല്ലാതെ കിടക്കുകയോ ചെയ്യുന്നതിന്റെ ഉദാഹരണങ്ങൾ ഓഡിറ്റിൽ കണ്ടു. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

- ചട്ടങ്ങൾ പാലിക്കുന്നതിലുള്ള പരാജയത്തിന്റെയും മേൽനോട്ടത്തിലെ അലംഭാവത്തിന്റെയും ഫലമായി നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ₹1.84 ലക്ഷത്തിന്റെയും മാവേലിക്കര ജില്ലാ ആശുപത്രിയിൽ ₹6.46 ലക്ഷത്തിന്റെയും തിരിമറിയും തിരുവനന്തപുരം ഫോർട്ട് താലൂക്ക് ആശുപത്രിയിൽ ₹0.83 ലക്ഷത്തിന്റെ തിരിമറി എന്ന് സംശയിക്കാവുന്ന ഒരു സംഭവവും നടന്നു.

  ***(ഖണ്ഡിക 2.2)***

- കേരളാ ട്രഷറി കോഡിന്റെ വ്യവസ്ഥകൾ പാലിക്കുന്നതിലും അവധിയെ സംബന്ധിച്ചുള്ള വിവരങ്ങൾ കൃത്യമായി സ്പാർക്കിൽ രേഖപ്പെടുത്തി എന്നുറപ്പു വരുത്തുന്നതിലും മെഡിക്കൽ ഓഫീസർക്കുണ്ടായ വീഴ്ച പാലക്കാട് പറമ്പിക്കുളം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ശൂന്യവേതന അവധിയിലുള്ള ഒരു ജീവനക്കാരന്റെ ശമ്പളം തട്ടിപ്പിലൂടെ പിൻവലിക്കുന്നതിന് ഇടയാക്കി.

  ***(ഖണ്ഡിക 2.3)***

- നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എജ്യുക്കേഷന്റെ (എൻ.സി.റ്റി.ഇ) അനുമതി ലഭിക്കാതെ മാസ്റ്റർ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ കോഴ്സ് തുടങ്ങാൻ കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല 2013-14-ൽ പദ്ധതിയിട്ടു. 2013-18 കാലയളവിൽ സർവ്വകലാശാല 115 വിദ്യാർത്ഥികൾക്ക് എം.പി.എഡ് ബിരുദം നൽകുകയും 2017-ൽ എൻ.സി.റ്റി.ഇ അംഗീകാരം നിഷേധിച്ചിട്ടും 2018-20 അധ്യയന വർഷത്തേയ്ക്ക് 80 വിദ്യാർത്ഥികളെ കൂടി പ്രവേശിപ്പിക്കുകയും ചെയ്തു.

  ***(ഖണ്ഡിക 2.4)***

- സാമ്പത്തിക ക്ഷമത നിർണ്ണയിക്കാതെ തദ്ദേശ സ്വയം ഭരണവകുപ്പ് ₹2.14 കോടി മുടക്കി മൊബൈൽ ഇൻസിനറേറ്റർ വാങ്ങിയത് അതിന്റെ കുറഞ്ഞ വിനിയോഗത്തിനും തത്ഫലമായി ഉദ്ദേശ്യലക്ഷ്യം പ്രാപിക്കാതെ പ്രവർത്തനരഹിതമാകുന്നതിനും ഇടയാക്കി.

  ***(ഖണ്ഡിക 2.5)***

- കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ, 2011 പാലിക്കുന്നതിൽ കോലഴി ഗ്രാമ പഞ്ചായത്തിനുണ്ടായ വീഴ്ച ₹37.71 ലക്ഷത്തിന്റെ റവന്യൂ നഷ്ടത്തിന് ഇടയാക്കി.

  ***(ഖണ്ഡിക 2.6)***

- വിളപ്പിൽശാല ഖരമാലിന്യ സംസ്കരണ പദ്ധതിയിൽ നിന്ന് ലഭിച്ച പൊട്ടിച്ച പാറക്കഷണങ്ങൾ സംരക്ഷിക്കുന്നതിൽ തിരുവനന്തപുരം

മുനിസിപ്പൽ കോർപ്പറേഷന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ച ₹31.02 ലക്ഷത്തിന്റെ നഷ്ടത്തിന് ഇടയാക്കി.

***(ഖണ്ഡിക 2.7)***

- സേവന നികുതി യഥാസമയം പിരിച്ച് അടയ്ക്കുന്നതിൽ കോതമംഗലം നഗരസഭ പരാജയപ്പെട്ടത് ₹23.64 ലക്ഷത്തിന്റെ നഷ്ടം ഉണ്ടാകുന്നതിന് കാരണമായി.

***(ഖണ്ഡിക 2.8)***

- ഉചിതമായ അന്വേഷണം നടത്താതെയും വ്യാപാരികളുടെ ആവശ്യങ്ങളുമായി രൂപകല്പനയെ ബന്ധപ്പെടുത്താതെയും തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ ആധുനിക മത്സ്യച്ചന്ത നിർമ്മിച്ചതിന്റെ ഫലമായി ₹23.25 ലക്ഷത്തിന് നിർമ്മിച്ച ആധുനിക മത്സ്യച്ചന്ത ഉപയോഗിക്കാതിരിക്കുകയും അതിന്റെ ചെലവ് നിഷ്ഫലമാവുകയും ചെയ്തു.

***(ഖണ്ഡിക 2.9)***

- പാർലമെന്റ് അംഗങ്ങളുടെ പ്രാദേശിക വികസന പദ്ധതിയുടെ സേവിങ്സ് ബാങ്ക് അക്കൗണ്ടുകൾ സേവിഫിക്സ്/സേവിപ്ലസ് അക്കൗണ്ടുകളാക്കി മാറ്റുന്നതിനുള്ള ഭാരത സർക്കാറിന്റെ നിർദ്ദേശം ജില്ലാ കളക്ടർമാരും കേന്ദ്രപദ്ധതി നിരീക്ഷണ യൂണിറ്റും പാലിക്കാത്തത് പദ്ധതിയ്ക്ക് കുറഞ്ഞത് ₹4.76 കോടിയുടെയെങ്കിലും പലിശ നഷ്ടത്തിന് കാരണമായി.

***(ഖണ്ഡിക 2.10)***